LIBRARY ARCHIVES Kerala Legislative Assembly

നെൽകൃഷി വികസന പദ്ധതികൾ

196 (3482) ശ്രീമതി കെ. കെ. ലതിക : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിലെ പുറമേരി, തിരുവള്ളൂർ,മണിയൂർ പഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ നടപ്പാക്കാൻ പിപിഎം സെല്ലിന്റെ പരിഗണനയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഉടൻ തന്നെ ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായാൽ കൂടുതലായി എത്ര ഹെക്ടർ നെൽകൃഷി നടത്താനും എത്ര ടൺ നെല്ല് കൂടുതലായി ഉല്പാദിപ്പിക്കാനും കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) പി.പി.എം. സെല്ലിന്റെ പരിഗണനയിൽ താഴെപ്പറയുന്ന നാല് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

1. മണിയൂർ പഞ്ചായത്തിലെ ചെറണ്ടത്തൂർ ചിറ കെ.ബി. കനാൽ പുനരുദ്ധാരണവും മോട്ടോർഷെഡ് നിർമ്മാണവും- 136.42 ലക്ഷം
2. തിരുവള്ളൂർ പഞ്ചായത്തിലെ കുമ്പളോട്ട് താഴെ പാടശേഖരത്തിലെ വി.സി.ബി.യുടെ നിർമ്മാണം - 13.84 ലക്ഷം
3. പുറമേരി പഞ്ചായത്തിലെ അരൂർ നടയമ്മൽ പാടശേഖരത്തിലെ സംരക്ഷണഭിത്തി നിർമ്മാണം - 53.13 ലക്ഷം
4. പുറമേരി പഞ്ചായത്തിലെ പെരുമുണ്ടശ്ശേരി പാടശേഖരത്തിലെ വികസനപ്രവൃത്തികൾ - 60.29 ലക്ഷം രൂപ.

ഈ പദ്ധതികൾക്ക് 20.5.2014 ലെ സ.ഉ.(എം.എസ്.) നമ്പർ109/2014/കൃഷിപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചാൽ നിലവിലെ 185 ഹെക്ടറിൽ നിന്നും 200 ഹെക്ടറിലേയ്ക്കായി നെൽകൃഷി വ്യാപിപ്പിക്കുവാനും 200 ഹെക്ടറിൽ അധികവിള നടത്തുവാനും 1390 ടൺ നെല്ല് കൂടുതലായി ഉൽപാദിപ്പിക്കുവാനും സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

പച്ചക്കറി വില്പനരംഗത്ത് ഹോർട്ടികോർപ്പ് പരാജയപ്പെട്ടതായ ആക്ഷേപം

197 (3483) ശ്രീ. രാജു എബ്രഹാം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഓണനാളുകളിൽ പച്ചക്കറി വില്പന രംഗത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിജയകരമായിരുന്നോ ; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഹോർട്ടികോർപ്പ് ചെയർമാനും എം.ഡി.-യും തമ്മിലുള്ള സ്വരചേർച്ചയില്ലായ്മയും രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള നിയമനങ്ങളും ഇത്തരമൊരു സാഹചര്യം സൃഷ്ടിക്കുന്നതിൽ പങ്ക് വഹിച്ചതായ ആക്ഷേപം സംബന്ധിച്ച അഭിപ്രായം വിശദമാക്കുമോ ;

(സി) ഹോർട്ടികോർപ്പിന് പൊതുമാർക്കറ്റിൽ ഇടപെടാനായി സർക്കാർ എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ ; ഈ തുക സമയബന്ധിതമായി തന്നെ ലഭ്യമായോ എന്നറിയിക്കാമോ ;

(ഡി) ഹോർട്ടികോർപ്പിന് നിലവിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടോ വിശദമാക്കാമോ ?

ഉത്തരം

(എ) ഇക്കഴിഞ്ഞ ഓണനാളുകളിൽ പച്ചക്കറി വില്പന രംഗത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിജയകരമായിരുന്നു. പൊതുജനങ്ങൾക്ക് ഈ കാലയളവിൽ വിപണിവിലയെക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ 6187 ടൺ പച്ചക്കറി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സ്റ്റാളുകൾ വഴി നൽകുവാൻ ഹോർട്ടികോർപ്പിന് കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly